മെട്രോ വാർത്ത
30 December 2020



സ്വച്ഛ്ഭാരത് കാംപെയിനിന്റെ ഭാഗമായി സിഎംഎഫ്ആർഐ സംഘടിപ്പിച്ച വെബിനാറിൽ ഡോ മുരളി തുമ്മാരുകുടി പ്രഭാഷണം നടത്തുന്നു

# മത്സ്യത്തൊഴിലാളികളുടെ നഷ്ടം നികത്താൻ ഇൻഷ്വറൻസ് ഏർപ്പെടുത്തണം: മുരളി തുമ്മാരുകുടി

കൊച്ചി: കാലാവസ്ഥാ മുന്നറിയിപ്പ് കാരണം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത നഷ്ടം നികത്താൻ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഇൻഷുറൻസ് ഏർപ്പെടുത്തണമെന്ന് ഡോ മുരളി തുമ്മാരുകുടി. ഈയിടെയായി വർധിച്ചുവരുന്ന ചുഴലിക്കാറ്റുകൾ കാരണം ഇത്തരത്തിലുള്ള മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പ്രത്യേക ഇൻഷുറൻസ് ഉറപ്പുവരുത്തുന്നതിലൂടെ മുന്നറിയിപ്പുകളുമായി മത്സ്യത്തൊഴിലാളികൾ പൂർണമായി സഹകരിക്കാൻ വഴിയൊരുക്കും. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള പ്രകൃതിദുരന്തങ്ങളാണ് വരും കാലങ്ങളിൽ മത്സ്യമേഖലയ്ക്ക് ഏറെ ഭീഷണി ഉയർത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച വെബിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു

ഐക്യരാഷ്ട്ര പരിസ്ഥിതി പദ്ധതി ക്രൈസിസ് മാനെജ്മെന്റ് വിഭാഗം ഓപറേഷൻസ് മാനെജറായ മുരളി തുമ്മാരുകുടി. റോഡപകടം, മുങ്ങിമരണം തുടങ്ങിയ അപകടങ്ങളെ ചെറുക്കുന്നതിന് സുരക്ഷാ മുൻകരുതലുകൾ സ്കൂൾതലങ്ങളിൽ പാഠ്യവിഷയമാക്കണം. മനുഷ്യനിർമിത ദുരന്തങ്ങൾ ഒഴിവാക്കാനും പ്രകൃതിദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനും ഇത്തരം ബോധവൽക്കരണമാർഗങ്ങൾ സഹായകരമാകും. അടുത്ത വർഷം സെപ്തംബറോടെ മാസ്കില്ലാതെ പുറത്തിറങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്ഥല-കാല സ്വഭാവങ്ങൾ പഠനവിധേയമാക്കി ദുരന്തങ്ങളെക്കുറിച്ച് പ്രവചിക്കാനാകും. ദുരന്ത സാധ്യതകൾ മനസിലാക്കി മുൻകരുതലെടുക്കുന്നതാണ് പ്രകൃതി ദുരന്തങ്ങളുടെ തീവ്രത കുറയ്ക്കാനുള്ള മാർഗമെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ നടത്തിവരുന്ന സ്വച്ഛ്ഭാരത് കാംപെയിനിന്റെ ഭാഗമായാണ് വെബിനാർ സംഘടിപ്പിച്ചത്. സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ എ ഗോപാലകൃഷ്ണൻ, സിഎംഎഫ്ആർഐ സ്വച്ഛ്ഭാരത് നോഡൽ ഓഫീസർ ഡോ ശ്യാം എസ് സലീം, ഡോ രേഖ ജെ നായർ, ഡോ മിറിയം പോൾ ശ്രീറാം എന്നിവർ പ്രസംഗിച്ചു.